**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സ്റ്റേറ്റ് യൂത്ത് വോളിബോൾ ചാമ്പ്യൻഷിപ്പ് 2020 - തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.173/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, 23/01/2020

---

പരാമർശം:- കേരളാ ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ പാലക്കാട് ജില്ലാ സെക്രട്ടറിയുടെ 31/12/2019 ലെ 01/19 നമ്പർ കത്ത്.

**ഉത്തരവ്**

വടക്കാഞ്ചേരി യുണൈറ്റഡ് ക്ലബ്ബിന്റെയും പാലക്കാട് ജില്ലാ വോളിബോൾ അസോസിയേഷന്റെയും സംയുക്താഭിമുഖ്യത്തിൽ കേരള സ്റ്റേറ്റ് വോളിബോൾ അസോസിയേഷന്റെ മേൽനോട്ടത്തിൽ കേരള സ്റ്റേറ്റ് യൂത്ത് വോളിബോൾ ചാമ്പ്യൻഷിപ്പിന്റെ സൂപ്പർ സോൺ മത്സരങ്ങൾ പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിൽ സ്ഥിതി ചെയ്യുന്ന ജി എച്ച് എസ് എസ് കിഴക്കഞ്ചേരി സ്കൂൾ ഗ്രൗണ്ടിൽ വച്ച് നൂതന സംവിധാനങ്ങളോടുകൂടി 2020 ജനുവരി 22 മുതൽ 29 വരെ നടത്തുന്നുവെന്നും, ഈ പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് പാലക്കാട് ജില്ലയിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും 10,000/-രൂപ വീതം അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നല്കി ഉത്തരവുണ്ടാകണമെന്ന് പഞ്ചായത്ത് അസോസിയേഷൻ പാലക്കാട് ജില്ലാ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിൽ സ്ഥിതി ചെയ്യുന്ന ജി എച്ച് എസ് എസ് കിഴക്കഞ്ചേരി സ്കൂൾ ഗ്രൗണ്ടിൽ വച്ച് 2020 ജനുവരി 22 മുതൽ 2 9 വരെ നടത്തുന്ന കേരള സ്റ്റേറ്റ് യൂത്ത് വോളിബോൾ ചാമ്പ്യൻഷിപ്പിന്റെ സൂപ്പർ സോൺ മത്സരങ്ങളുടെ വിജയകരമായ നടത്തിപ്പിന് പാലക്കാട് ജില്ലയിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും, കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, തനതുഫണ്ടിൽ നിന്നും, 5,000/-രൂപ വീതം (അയ്യായിരം രൂപ) നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ /ജില്ലാ പഞ്ചായത്ത് (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് മുഖേന)

ബന്ധപ്പെട്ട നഗരസഭകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് (പകർപ്പ് ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ